# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *61

11/03/2015-ൽ മറുപടിക്ക്

## മാരക പകർച്ചവ്യാധികൾ

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.കെ.നാരായണൻ
ശ്രീ.ബാബു എം. പാലിശ്ശേരി

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) എലിപ്പനി, ചെള്ളുപനി, ഡെങ്കിപ്പനി, കുരങ്ങുപനി, എച്ച്1 എൻ1 തുടങ്ങിയ മാരക പകർച്ചവ്യാധികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത് തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള രോഗ നിരീക്ഷണ പരിപാടിയിൽ ഈ രോഗങ്ങളെ കുറിച്ചുള്ള സ്ഥിതി വിവരങ്ങൾ ശേഖരിച്ചു വരുന്നുണ്ട്. ഈ മാരക പകർച്ച പ്പനികൾ 2013-ൽ 8853 ആയിരുന്നു റിപ്പോർട്ട് ചെയ്തത്. എന്നാൽ ഇത് 2014-ൽ 4137 ആയി കുറഞ്ഞിട്ടുണ്ട്.

ചെള്ളുപനി, എലിപ്പനി, ഡെങ്കിപ്പനി എന്നിവയുടെ നിയന്ത്രണത്തിനായി ജില്ലാ ഭരണ കൂടവും ആരോഗ്യ വകുപ്പും വിവിധ വകുപ്പുകളും സംയുക്തമായി അടിയന്തിര നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിപ്പനി രോഗ സാദ്ധ്യത കൂടുതലുള്ളവർക്ക് (തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിട്ടുള്ളവർ, പാടത്ത് പണി എടുക്കുന്നവർ തുടങ്ങിയവർ) ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളിക പഞ്ചായത്തു തലത്തിൽ നൽകി വരുന്നു. രോഗ നിർണ്ണയത്തിനുള്ള ടെസ്റ്റ് കിറ്റുകൾ ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

എച്ച്1 എൻ1 രോഗബാധ കണ്ടെതിനെ തുടർന്ന് കാസർഗോഡ്, മലപ്പുറം, കോഴിക്കോട്,

പാലക്കാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ രോഗ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. രോഗ നിർണ്ണയ ടെസ്റ്റുകൾക്ക് മണിപ്പാൽ ആശുപത്രിയിൽ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ചികിൽസക്കാവശ്യമായ ഓസൾട്ടാമിവിർ ഗുളികകളുടെ ലഭ്യത ഉറപ്പു വരുത്തി. കൂടാതെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. കുരങ്ങുപനി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, പുൽപ്പള്ളി ബ്ലോക്കുകളിലെ പൂത്താടി, മുള്ളൻകൊല്ലി , ചിതലയം , നൂൽപ്പുഴ പ്രദേശങ്ങളിലെ വനത്തോട് ചേർന്ന് ജീവിക്കുന്ന ആദിവാസി കോളനികളിലാണ് കണ്ടത്. 08/03/2015 വരെ 105 പേരെ രോഗം ബാധിക്കുകയും 5 പേർ മരണപ്പെടുകയും ഉണ്ടായി.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശക്തമായ രോഗ പ്രതിരോധ- നിയന്ത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. രോഗ നിർണ്ണയത്തിനും ചികിൽസയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. ഇപ്പോൾ കുരങ്ങു പനി നിയന്ത്രണ വിധേയമാണ്.

ബി) പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജില്ലാ ആശുപത്രിവരെയുള്ളവയിൽ ഡോക്ടർമാരുടെ 600 ഓളം ഒഴിവുകൾ ഉൾപ്പെടെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ 1800 ൽ അധികം ഒഴിവുകൾ നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;

ബി) നിലവിൽ ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ 1517 ആണ്. എൻട്രി കേഡറിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ 236 ആണ്. റിട്ടയർമെന്റ്, പ്രൊമോഷൻ, പ്ലെയ്സ്മെന്റ് തുടങ്ങിയവ കൂടെ മുൻകൂട്ടി കണ്ടുകൊണ്ട് 518

അസിസ്റ്റന്റ് സർജൻ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഡോക്ടർമാരുടെ ഒഴിവുകളും, സിവിൽ സർജൻ തസ്തികയിലെ ഒഴിവുകളും സ്പെഷ്യാലിറ്റി കേഡറിലെ ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലെയ്സ്മെന്റ് നൽകി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിലവിലുള്ള 667 ഡോക്ടർമാരുടെ ഒഴിവുകളിൽ 582 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും, എൻ.ആർ.എച്ച്.എം. മുഖേന 706 ഡോക്ടർമാരേയും നിയമിച്ച് 1288 ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനും, സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, റേഡിയോ ഗ്രാഫർ, ബ്ലഡ്

ബാങ്ക് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദന്തൽ ഹൈജീനിസ്റ്റിന്റെ ഒഴിവുകളിലേക്ക് എംപ്ലോയ് മെന്റ് എക്സ്ചേയ്ഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്.

സി) മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം പകർച്ചവ്യാധികൾ നിയന്ത്രിക്കാനുള്ള സംസ്ഥാനത്തെ ആരോഗ്യ പരിപാലന മേഖലയെ ഏത് തരത്തിൽ ബാധിച്ചിരിക്കുന്നുവെന്ന് പരിശോധിക്കാൻ തയ്യാറാകുമോ?

സി) മെഡിക്കൽ പാരാ മെഡിക്കൽ ജീവനക്കാരുടെ അഭാവം മൂലം പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഒന്നും തടസ്സപ്പെട്ടിട്ടില്ല. പകർച്ച വ്യാധികളുടെ നിയന്ത്രണവും പ്രതിരോധ പ്രവർത്തനവും ചികിൽസയും ആശുപത്രി തലത്തിലും ഫീൽഡ് തലത്തിലും ഇപ്പോൾ സുഗമമായി നടക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**